**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :84** 04/06/2018 **ൽ മറുപടിക്ക്**

# മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ പദ്ധതി- പാറശ്ശാല മണ്ഡലത്തിലെ അപേക്ഷകൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) & (ബി) നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല |
| (ബി) പ്രസ്തുത അപേക്ഷകളിന്മേൽ നാളിതുവരെ എത്ര രൂപയാണ് ധനസഹായമായി അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | |
| (സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തിര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു വരുന്നു. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺ ലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം |

ബന്ധപ്പെട്ട തഹസീൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും ഓൺലൈനായി നൽകി വരുന്നു. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കുന്നതിനായി Direct Benefit Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. DBT സംവിധാനം പ്രയോജന പ്പെടുത്തുന്നതിലേക്കായി അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തു ന്നതിനും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തി തുക നേരിട്ട് അക്കൗണ്ടിലേക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും തഹസിൽദാർമാരെയും വില്ലേജ് ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

Bindumol.K.N

സെക്ഷൻ ഓഫീസർ